(ഇ) പാലയ്ക്കൽ പുതുതായി ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു കഴിഞ്ഞു. പി.റ്റി.സി.സി അപ്രൂവൽ ലഭിക്കാത്തതിനാൽ ചാർജ്ജ് ചെയ്യാൻ സാധിച്ചിട്ടില്ല.

ഈസ്റ്റ് ചീരാൽ പ്രദേശത്തെ വൈദ്യുതീകരണ പ്രവർത്തനം

85 (925) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി മേജർ സെക്ഷനു കീഴിൽ വരുന്ന ഈസ്റ്റ് ചീരാൽ പ്രദേശത്തെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്തെ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് ആവശ്യമായ മെറ്റീരിയൽസ് അനുവദിക്കുവാൻ നിർദ്ദേശം നൽകുമോ ;

(സി) ഈസ്റ്റ് ചീരാൽ പ്രദേശത്ത് വൈദ്യുതി കണക്ഷനായി മിനിമം ഗ്യാരണ്ടി അടച്ചവർക്ക് മുഴുവൻ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മിനിമം ഗ്യാരന്റി ഒ.എച്ച്-ൽപ്പെടുന്ന എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഡി) വൈദ്യുതി കണക്ഷനുവേണ്ടി നോൺ. ഒ.വൈ.സി.ഒ.എച്ച്.-ൽ ഉൾപ്പെടുന്ന അപേക്ഷകരിൽ ഏതുവർഷം വരെ അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(ഇ) നോൺ ഒ.വൈ.സി.ഒ.എച്ച്.-ൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ച മുഴുവൻ പേർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്

(സി) ഉണ്ട്. പ്രയോറിറ്റി അനുസരിച്ച് മെറ്റീരിയൽസിന്റെ ലഭ്യത അനുസരിച്ചും മിനിമം ഗ്യാരന്റി ഒ. എച്ച്-ൽപ്പെടുന്ന എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) 31-12-96 വരെ അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(ഇ) 31-12-98 വരെ ഒ.എച്ച്. കണക്ഷനുവേണ്ടി അപേക്ഷിച്ച മുഴുവൻ പേർക്കും ഈ സാമ്പത്തികവർഷം തന്നെ വൈദ്യുതി കണക്ഷൻ നൽകാൻവേണ്ട ഉത്തരവ് നൽകിയിട്ടുണ്ട്.

മേപ്പയൂർ ഗ്രാമപഞ്ചായത്തിന് നൽകിയ വൈദ്യുതി കണക്ഷനുകൾ

86 (926) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി എത്ര വൈദ്യുതി കണക്ഷനുകളാണ് നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ മിനിമം ഗ്യാരന്റിയിൽ ഒപ്പുവച്ച ഗുണഭോക്താക്കൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ജനകീയ വൈദ്യുതി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭിച്ചവർ എത്ര ;

(ഡി) മറ്റു വിഭാഗങ്ങൾ എത്ര എന്നു വിശദീകരിക്കുമോ ?

ഉത്തരം

(എ) 1,558 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) മിനിമം ഗ്യാരണ്ടിയിൽ ഒപ്പുവച്ചവർ ആരുമില്ല.

(സി) 102 പേർക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) വാട്ടർ സപ്ലൈ സ്കീം അനുസരിച്ച് ഏഴും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പതിനാറും വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

ചെറായി സബ്സ്റ്റേഷൻ നിർമ്മാണം

87 (927) ശ്രീ. എം. എ. കുട്ടപ്പൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചെറായി 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ചെറായിയിൽ ഒരു 110/11 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ആർ.ഇ.സി. സ്കീമിൽ ഉൾപ്പെടുത്തി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly